## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6753 01/11/2011 ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി

ചോദ്യം

ശ്രീ. കെ. ദാസൻ

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ ജനവിഭാഗം സർക്കാർ വകുപ്പുകൾ / കോർപ്പറേഷനുകൾ / സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെടുക്കുന്ന വായ്പകൾ എഴുതി തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികൾ എപ്പോൾ മുതലാണ് നിലവിൽ വന്നത്; | (എ) & (ബി) | കേരള സംസ്ഥാനത്തിലെ പട്ടികജാതി/ പട്ടികവർഗ്ഗ / പരിവർത്തിത ക്രൈസ്തവ ജന വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ / കോർപ്പറേഷനുകൾ/ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനും/ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുമായി 12/11/2009 -ലെ സ. ഉ. (അച്ചടി) 100/09/ പജപവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ടി ജനവിഭാഗങ്ങൾ എടുത്തിട്ടുള്ളതും 31/3/2006 - ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയായതുമായ വായ്പകളിൽ 25,000/- രൂപ വരെയുള്ളത് പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതിത്തള്ളുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുമായിട്ടാണ് ഉത്തരവായിട്ടുള്ളത്. ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയപരിധി 22.8.2011 ലെ സ.ഉ.(കൈ) നം. 86/2011/ പജപവവിവ. പ്രകാരം 31.12.2011 വരെ ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ